**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 67** **31-01-2024 - ൽ മറുപടിയ്ക്ക്**

**വെള്ളക്കര ഇനത്തിലെ കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ നിന്നുമായി ആയിരത്തോളം കോടി രൂപ വെള്ളക്കരയിനത്തിൽ കേരള ജല അതോറിറ്റി പിരിച്ചെടുക്കാനുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>2023 ഡിസംബർ ഡി.സി.ബി പ്രകാരം പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നും 8.36കോടി രൂപയും സർക്കാർ ഓഫീസുകളിൽ നിന്നും 112.02 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിൽ നിന്നും 949.96 കോടി രൂപയും പിരിഞ്ഞു കിട്ടുവാനുണ്ട്. |
| (ബി) | എങ്കിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ നിന്നും വൻകിടക്കാരിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക പിരിച്ചെടുക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ നിന്നും വൻകിടക്കാരിൽ നിന്നുമായി ലഭിക്കാനുള്ള കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സെക്ഷൻ ഓഫീസ് തലം വരെയുള്ള ജീവനക്കാരെ ഏകോപിപ്പിച്ച് ഊർജിതമായ കുടിശിക നിർമാർജന പ്രവർത്തനങ്ങൾ നടത്തിവരുന്നു. കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് പ്രത്യേക നോട്ടീസുകൾ നല്കി കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടികൾ സ്വീകരിച്ച വരുന്നു.<br><br>ബില്ല് നൽകിയിട്ടും കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താക്കളുടെ കണക്ഷനുകൾ വിച്ഛേദിക്കുകയും അവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിക്കുകയും ചെയ്തു വരുന്നു. മാധ്യമങ്ങളിലൂടെയും കുടിശ്ശിക അടയ്ക്കുവാനുള്ള അറിയിപ്പ് നൽകി വരുന്നു. സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക പിരിച്ചെടുക്കാൻ വേണ്ട നടപടികളും സ്വീകരിച്ച വരുന്നു. എല്ലാ സർക്കാർ സ്ഥാപങ്ങൾക്കും രണ്ട് മാസം കൂടുന്തോറും ഏകീകൃത വാട്ടർ ചാർജ് ബില്ലുകൾ നൽകി വരുന്നു. വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് |

| | | | |
|---|---|---|---|
| | | | കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ച് കത്ത് മുഖേനയും നേരിട്ടും അറിയിപ്പുകൾ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽ നിന്നുമുള്ള കുടിശ്ശിക അടക്കണം എന്ന് കാണിച്ച് എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും ജല വിഭവ വകുപ്പ് സെക്രട്ടറി കത്തു നൽകിയിട്ടുണ്ട്. മാത്രമല്ല എല്ലാ സ്ഥാപനങ്ങളിലും വാട്ടർ അതോറിറ്റിയുടെ ഓഫീസർമാർ നേരിട്ട് പോയി, കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ച് കത്തുകളും നൽകുന്നുണ്ട്. |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ നിന്നുമുള്ള കുടിശിക പിരിച്ചെടുക്കാതെ വെള്ളക്കരം കൂട്ടി ജനങ്ങൾക്ക് മേൽ അധിക ബാധ്യത വരുത്തിയതിന്റെ കാരണം വിശദമാക്കാമോ; | (സി) | പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും 8.36കോടി രൂപയും സർക്കാർ ഓഫീസുകളിൽ നിന്നും 112.02 കോടി രൂപയും മാത്രമാണ് പിരിഞ്ഞു കിട്ടുവാനുണ്ട്. ഈ തുക പിരിച്ചെടുക്കുന്നത് കൊണ്ട് മാത്രം വാട്ടർ ചാർജ് വർദ്ധനവ് ഒഴിവാക്കാൻ നിർവാഹമില്ല.<br><br>1000 ലിറ്റർ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് 22.85 രൂപയായിരുന്നു ചെലവ്. എന്നാൽ ശരാശരി 10.92 രൂപ മാത്രമായിരുന്നു ഒരു കിലോ ലിറ്റർ ജലത്തിൽ നിന്നും വരുമാനമായി ലഭിച്ചിരുന്നത്. അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടം വരുന്നുണ്ടായിരുന്നു. ഈ സാഹചര്യത്തിലാണ് വാട്ടർ ചാർജ് വർദ്ധിപ്പിക്കണമെന്ന് തീരുമാനിച്ചത്. 2022-23 സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം 1000 ലിറ്റർ കുടിവെള്ളത്തിന്റെ ഉല്പാദന ചെലവ് 24.39 രൂപയായി വർദ്ധിച്ചു. ജല ശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചെലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് വഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷം ഉണ്ടായികൊണ്ടിരിക്കുന്നത്. വർഷാവർഷം വർധിച്ച് വരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റ പണികളുടെ ചെലവ്, വായ്പ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവക്ക് അനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവ് ഉണ്ടാകുന്നില്ലായിരുന്നു. ഇത് മൂലം വാട്ടർ അതോറിറ്റിക്ക് 2022-23 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ (എ.ജി ക്ക് ഓഡിറ്റിന് നൽകിയത്) പ്രകാരം 6223.76 കോടി രൂപയാണ് സഞ്ചിത നഷ്ടം. രാസവസ്തുക്കൾ, അറ്റകുറ്റപണികൾക്കുള്ള ഉപകരണങ്ങൾ, കൂലി, തുടങ്ങിയവയുടെ വില വർദ്ധിച്ചു. കൂടാതെ സ്കീമുകളുടെ പ്രായാധിക്യം കാരണം ഓപ്പറേഷനും മെയിന്റനൻസും ചെലവുകളും ഗണ്യമായി വർദ്ധിച്ച് വന്ന സാഹചര്യം നിലനിൽക്കുന്നു. ജലവിതരണ, മലിനജല |

| | | | |
|---|---|---|---|
| | | | മേഖലകളിൽ സമയബന്ധിതമായ നവീകരണം അനിവാര്യമായിരുന്നത് കൊണ്ട് തന്നെ ഇതിനുള്ള തുക കണ്ടെത്തേണ്ടതുണ്ടായിരുന്നു. ഉല്പാദന ചെലവിനോടടുത്തെങ്കിലും വാട്ടർ ചാർജ്ജ് നിരക്ക് എത്തേണ്ടതുണ്ടായിരുന്നു.<br><br>ഈ ഘടകങ്ങളെല്ലാം പരിശോധിച്ചാണ് വാട്ടർ ചാർജ്ജ് നിരക്ക് ഒരു ലിറ്ററിന് ഒരു പൈസ വീതം വർദ്ധിപ്പിച്ചത്. അതിനാൽ വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കുക വഴി പൊതുജനങ്ങൾക്ക് തുടർച്ചയായി മെച്ചപ്പെട്ട സേവനങ്ങൾ നൽകാൻ സഹായിക്കും.<br><br>കൂടാതെ 2020-ൽ 2,20,501 BPL കുടുംബങ്ങൾക്കായിരുന്നു സൗജന്യമായി കുടിവെള്ളം നൽകിയിരുന്നത്. എന്നാൽ 2023 ആയപ്പോഴേക്കും 6,13,074 BPL കുടുംബങ്ങൾക്ക് ഈ ആനുകൂല്യം നൽകുന്നുണ്ട്. ഇതു വഴി കേരള വാട്ടർ അതോറിറ്റിക്ക് 47.86 കോടി രൂപ അധിക ബാധ്യതയുണ്ടായി. |
| (ഡി) | കെ.എസ്.ഇ.ബി.ക്ക് നൽകാനുള്ള പണം ജല അതോറിറ്റിയുടെ വരുമാനത്തിൽ നിന്നും എസ്ക്രോ സംവിധാനം വഴി കെ.എസ്.ഇ.ബി.ക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ? | (ഡി) | പ്രതിമാസം നിശ്ചിത തുക വൈദ്യുതി ചാർജ്ജ് നൽകുവാൻ വേണ്ടി കേരള വാട്ടർ അതോറിറ്റിയും വൈദ്യുതി ബോർഡും (KSEBL) തമ്മിൽ ഒരു എസ്ക്രോ സംവിധാനം ആരംഭിക്കുവാൻ ഉത്തരവ് നമ്പർ GO(Rt)No.7599/2023/FIN തീയതി 30/10/2023 പ്രകാരം സർക്കാർ അനുമതി നൽകി. ഇതിൽ പ്രകാരം കത്ത് നമ്പർ KWA-JB/920/2023-F6/Funds-Part (1) തീയതി 20/11/2023 കേരള വാട്ടർ അതോറിറ്റി മാസംതോറും 9.50 കോടി രൂപ എസ്ക്രോ അക്കൗണ്ട് സംവിധാനം വഴി KSEBL ന് നൽകുവാൻ സമ്മതം അറിയിച്ച് KSEBL-ന് കത്ത് നൽകിയെങ്കിലും അന്തിമ തീരുമാനം ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ